**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2512** **27-02-2023 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സർവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്ന ഡിജിറ്റൽ സർവേ സംസ്ഥാനത്ത് എന്നാണ് ആരംഭിച്ചത്; | (എ) | സാങ്കേതിക സഹായത്തോടെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വികസിപ്പിച്ച 'വ്യവസായ ജാലകം' എന്ന സംവിധാനത്തിലൂടെ സംരംഭങ്ങളുടെ ഡിജിറ്റൽ സർവ്വേ 2017 ൽ ആരംഭിച്ചിരുന്നു. പ്രസ്തുത സോഫ്റ്റ്‌വെയർ പരിഷ്ക്കരിക്കുകയും, ഇതിനകം സർവേ നടത്തിയ യൂണിറ്റുകളുടെ നിലവിലെ സ്ഥിതി പരിശോധിച്ച്, വിട്ടുപോയ യൂണിറ്റുകളെ ഉൾപ്പെടുത്താനുള്ള രണ്ടാം ഘട്ട സർവേ 2022 നവംബർ 24 മുതൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സർവ്വെയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് ഉത്പാദന, സേവന മേഖലയിൽ പ്രവർത്തിയ്ക്കുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ എണ്ണം, ഉത്പാദനക്ഷമത, നിക്ഷേപം, തൊഴിലാളികളുടെ എണ്ണം, വായ്പാ ലഭ്യത തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച് ഒരു ഡാറ്റാബേസ് തയ്യാറാക്കുക എന്നതാണ് ഡിജിറ്റൽ സർവേയുടെ പ്രധാന ലക്ഷ്യം. പ്രസ്തുത ഡാറ്റ വിശകലനം ചെയ്ത് അതിലൂടെ ഓരോ മേഖലയ്ക്കും അനുയോജ്യമായ പദ്ധതികളും, നയവും രൂപപ്പെടുത്താൻ സാധിയ്ക്കും. ഓരോ യൂണിറ്റിന്റെയും ഭൗമ സ്ഥാനം കൂടി ശേഖരിക്കുന്നതിനാൽ സമാന സംരംഭങ്ങളുടെ ക്ലസ്റ്റർ മാതൃക വികസിപ്പിക്കാനും ആവശ്യമെങ്കിൽ കഴിയുന്നതാണ്. ഓരോ മേഖലയ്ക്കും ആവശ്യമായ പ്രത്യേക പാക്കേജുകൾ തയ്യാറാക്കാനും പ്രസ്തുത ഡാറ്റ ഉപയോഗപ്പെടുത്താം. |

സെക്ഷൻ ഓഫീസർ